"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - എറണാകുളം, വെളിയനാട് സെൻ്റ് പോൾസ് ഹയർ സെക്കൻ്ററി സ്കൂളിന് 5 തസ്തികകൾ സൃഷ്ടിച്ചും ഒരു തസ്തിക അപ്ഗ്രേഡ് ചെയ്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ(എൻ) വകുപ്പ്**

സ.ഉ.(കൈ) നം.244/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 29/10/2021

പരാമർശം :-

1. സ.ഉ(എം.എസ്) നം.247/2014/പൊ.വി.വ തീയതി 24.11.2014
2. സ.ഉ(എം.എസ്) നം.143/2014പൊ.വി.വ തീയതി 31.07.2014
3. സ.ഉ(എം.എസ്) നം.14/2019/പൊ.വി.വ തീയതി 06.02.2019
4. സ.ഉ(എം.എസ്) നം.41/2021/പൊ.വി.വ തീയതി 25.01.2021
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 11.02.2021, 09.03.2021 എന്നീ തീയതികളിലെ എസി.ഡി.സി3/195059/21/ എച്ച്.എസ്.ഇ നമ്പർ കത്തുകൾ
6. എറണാകുളം മേഖലാ ഉപമേധാവിയുടെ 23.09.2021 ലെ എ1/7065/ആർഡിഡി/ഹസെവി/ഇകെഎം/2021 നം. കത്ത്

**ഉത്തരവ്**

പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം എറണാകുളം, വെളിയനാട് സെൻ്റ് പോൾസ് ഹയർ സെക്കൻ്ററി സ്കൂളിൽ യഥാക്രമം സയൻസ് ബാച്ചും കൊമേഴ്സ് ബാച്ചും അനുവദിക്കുകയും തുടർന്ന് പരാമർശം 3, 4 പ്രകാരം തസ്തികകൾ അനുവദിച്ചെങ്കിലും സയൻസ് ബാച്ചിൽ മതിയായ എണ്ണം കുട്ടികളില്ലാത്തതിനാൽ തസ്തികകൾ അനുവദിച്ചില്ല.

2. 2017-18 മുതലുള്ള കുട്ടികളുടെ എണ്ണം പരിഗണിച്ച് സയൻസ് ബാച്ചിലേയ്ക്കാവശ്യമായ തസ്തികകൾ അനുവദിക്കുന്നതിലേയ്ക്കായി സ്കൂൾ മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ നല്കുകയും അതുപ്രകാരം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരാമർശം 5 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ നൽകിയിരുന്നു.

3. പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ വിശദമായി പരിശോധിക്കുകയും അതിൻ്റെ അടിസ്ഥാനത്തിൽ എറണാകുളം, വെളിയനാട് സെൻ്റ് പോൾസ് ഹയർ സെക്കൻ്ററി സ്കൂളിൽ ചുവടെ ചേർക്കും പ്രാകാരം 5 തസ്തികകൾ സൃഷ്ടിച്ചും ഒരു തസ്തിക അപ്ഗ്രേഡ് ചെയ്തും ഉത്തരവാകുന്നു -

| തസ്തിക | എണ്ണം |
|---|---|
| എച്ച്.എസ്.എസ്.റ്റി (ജൂനിയർ) | |
| ബോട്ടണി | 1 |
| സുവോളജി | 1 |
| എച്ച്.എസ്.എസ്.റ്റി | |
| ഫിസിക്സ് | 1 |
| കെമിസ്ട്രി | 1 |

| | |
|---|---|
| മാത്തമാറ്റിക്സ് | 1 |
| അപ്ഗ്രഡേഷൻ | |
| ഇംഗ്ലീഷ് | 1 |
| ആകെ | 6 |

4. മുകളിൽ പരാമർശിച്ചിട്ടുള്ള തസ്തികകളുടെ കൃത്യത ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ, സെലക്ഷൻ കമ്മിറ്റി തെരെഞ്ഞെടുക്കുന്ന യോഗ്യരായ ഉദ്യോഗാർത്ഥികളെ മാത്രമായിരിക്കണം ടി തസ്തികകളിൽ നിയമിക്കേണ്ടത്. ഈ തസ്തികകളിൽ നിയമിക്കപ്പെടുന്നവർക്ക് മുൻകാല നിയമന പ്രാബല്യം ഉണ്ടായിരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

A P M Mohammed Hanish

പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം

മാനേജർ, വെളിയനാട് സെന്റ് പോൾസ് ഹയർ സെക്കന്ററി സ്കൂൾ, എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ്(ഇനം. നം.338)

ധനകാര്യ വകുപ്പ് (നം. 778059/വിദ്യാ-ബി1/75/2018-ധന തീയതി 14.09.2021 )

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Priyanka T V
Date: 29-10-2021 16:58:05
Reason: Approved

സെക്ഷൻ ഓഫീസർ

പകർപ്പ് : പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 27-10-2021

ഫയൽ നം. എൻ2/44/2021/പൊ.വി.വ. ഇനം നം: 338

വിഷയം : പൊതുവിദ്യാഭ്യാസ വകുപ്പ് - എറണാകുളം ജില്ലയിലെ വെളിയനാട് സെന്റ് പോൾസ് ഹയർസെക്കന്ററി സ്കൂളിൽ ഹയർ സെക്കന്ററി തസ്തികകൾ പുതിയതായി സൃഷ്ടിക്കുന്നതും/അപ്ഗ്രേഡ് ചെയ്യുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.

# കേരള സർക്കാർ
## (ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | : എൻ2/44/2021/പൊ.വി.വ |
| 2 | വകുപ്പ് | : പൊതുവിദ്യാഭ്യാസ(എൻ)വകുപ്പ് |
| 3 | വിഷയം | : വെളിയനാട് സെന്റ് പോൾസ് ഹയർസെക്കന്ററി സ്കൂളിൽ ഹയർ സെക്കന്ററി തസ്തികകൾ പുതിയതായി സൃഷ്ടിക്കുന്നതും/അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 03.10.2021 |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | : അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, | : ഉണ്ട് |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; | : ഇല്ല |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചി ട്ടുണ്ടോ ? | : ബാധകമല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : ശ്രീ.സക്കീർ ഹുസൈൻ ഒ. എൻ. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : ശ്രീ.എ.പി.എം.മുഹമ്മദ് ഹനീഷ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : 11.10.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 16.10.2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ.വി.ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 18.10.2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 20.10.2021 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | : |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

വെളിയനാട് സെന്റ് പോൾസ് ഹയർസെക്കന്ററി സ്കൂളിൽ ഹയർ സെക്കന്ററി തസ്തികകൾ പുതുതായി സൃഷ്ടിക്കുന്നതും/അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ചതാണ് ഈ കുറിപ്പ്.

2. സ.ഉ.(കൈ)നം.247/2014/പൊ.വി.വ തീയതി 24.11.2014, സ.ഉ.(കൈ)നം.143/2014/പൊ.വി.വ തീയതി 31.07.2014 പ്രകാരം വെളിയനാട് സെന്റ് പോൾസ് ഹയർ സെക്കന്ററി സ്കൂളിൽ സയൻസ് ബാച്ചും, കൊമേഴ്സ് ബാച്ചും അനുവദിച്ചിരുന്നു. തുടർന്ന് സ.ഉ(കൈ)നം.14/2019/പൊ.വി.വ തീയതി 06.02.2019 പ്രകാരം കൊമേഴ്സ് ബാച്ചിന് തസ്തികകൾ അനുവദിച്ചെങ്കിലും ആവശ്യത്തിന് കുട്ടികളില്ലാത്തതിനാൽ സയൻസ് ബാച്ചിന് തസ്തിക അനുവദിച്ചിരുന്നില്ല. സ.ഉ(എം.എസ്)41/2021/പൊ.വി.വ തീയതി 25.01.2021 പ്രകാരം ടി സ്കൂളിന് എച്ച്.എസ്.എസ്.റ്റി മലയാളം ജൂനിയർ വിഭാഗത്തിന് ഒരു തസ്തികയും രണ്ട് ലാബ് അസിസ്റ്റന്റ് തസ്തികകളും അനുവദിക്കുകയുണ്ടായി.

3. സയൻസ് ബാച്ചിന് തസ്തിക അനുവദിച്ചിട്ടില്ലെന്നും 2017-18 മുതലുള്ള കുട്ടികളുടെ എണ്ണം പരിഗണിച്ച് ടി ബാച്ചിലേയ്ക്കാവശ്യമായ തസ്തികകൾ അനുവദിക്കുന്നതിലേയ്ക്കായി മാനേജർ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ നല്കുകയും അതനുസരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ പ്രൊപ്പോസൽ നൽകുകയുണ്ടായി

4. ടി വിഷയം സംബന്ധിച്ച് ധനകാര്യവകുപ്പ് ചുവടെ ചേർത്തിട്ടുള്ള പ്രകാരം അഭിപ്രായം രേഖപ്പെടുത്തി -

*"സൃഷ്ടിക്കപ്പെടേണ്ട തസ്തികകളുടെ കൃത്യത ഭരണ വകുപ്പ് ഉറപ്പ് വരുത്തണമെന്ന നിബന്ധനയിൽ മന്ത്രിസഭാനുമതിയ്ക്ക് വിധേയമായി വെളിയനാട് സെന്റ് പോൾസ് ഹയർ സെക്കന്ററി സ്കൂളിൽ ചുവടെ പട്ടിക പ്രകാരമുള്ള HSST(Jr)-3, HSST-3 തസ്തികകൾ സൃഷ്ടിക്കുന്നതിനും HSST English(Jr) തസ്തിക അപ്ഗ്രേഡ് ചെയ്യുന്നതിനും അനുമതി നൽകുന്നു.*

| Sl. No. | School & Code | Courses | Subject | Post agreed by FD | | |
|---|---|---|---|---|---|---|
| | | | | HSST Jr | HSST | Upgradation |
| 1 | St.Pauls HSS, Veliyanadu (7189) | 11&39 | Malayalam | 1 | - | - |
| | | | Botany | 1 | - | - |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | Zoology | 1 | - | - | |
| | | | Physics | - | 1 | - | |
| | | | Chemistry | - | 1 | - | |
| | | | Mathematics | - | 1 | - | |
| | | | English | - | - | 1 | |
| | Total | | | 3 | 3 | 1 | |

*ഈ തീരുമാനത്തിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്. "*

5. എന്നാൽ സ.ഉ (കൈ)നം.41/2021/പൊ.വി.വ തീയതി 25.01.2021 പ്രകാരം വെളിയനാട് സെന്റ് പോൾസ് ഹയർ സെക്കന്ററി സ്കൂളിന് എച്ച്.എസ്.എസ്.റ്റി മലയാളം ജൂനിയർ വിഭാഗത്തിന് ഒരു തസ്തികയും രണ്ട് ലാബ് അസിസ്റ്റന്റ് തസ്തികകളും അനുവദിച്ചിട്ടുണ്ട്. കൂടാതെ മേൽ ഉത്തരവ് പ്രകാരം ടി സ്കൂളിൽ എച്ച്.എസ്.എസ്.റ്റി മലയാളം ജൂനിയർ തസ്തിക സൃഷ്ടിച്ചതായി എറണാകുളം മേഖല ഉപമേധാവി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ എച്ച്.എസ്.എസ്.റ്റി മലയാളം ജൂനിയർ തസ്തിക ഒഴിവാക്കി ശേഷിക്കുന്ന എച്ച്.എസ്.എസ്.റ്റി തസ്തികകൾ സൃഷ്ടിക്കുന്നതും/അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ച വിഷയത്തിൽ ഉത്തരവിനായി ഫയൽ സർക്കുലേറ്റ് ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

വെളിയനാട് സെന്റ് പോൾസ് ഹയർസെക്കന്ററി സ്കൂളിന്, താഴെ പറയും പ്രകാരം തസ്തികകൾ അപ്പ്ഗ്രേഡ് ചെയ്യുകയും സൃഷ്ടിക്കുകയും ചെയ്യാമോ ?

| തസ്തിക | എണ്ണം |
|---|---|
| **എച്ച്.എസ്.എസ്.റ്റി ജൂനിയർ** | |
| ബോട്ടണി | 1 |
| സുവോളജി | 1 |
| **എച്ച്.എസ്.എസ്.റ്റി** | |
| ഫിസിക്സ് | 1 |
| കെമിസ്ട്രി | 1 |
| മാത്തമാറ്റിക്സ് | 1 |
| **അപ്ഗ്രഡേഷൻ** | |
| ഇംഗ്ലീഷ് | 1 |